**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ലോക കേരള സഭ 2022 വഴി എന്തൊക്കെ വികസന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണം കൊണ്ട് സാധ്യമായത്. പ്രസ്തുത വേദിയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോമുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സഭകളിലെ ചർച്ചകളും നിർദേശങ്ങളും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു.<br><br>എന്നാൽ സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ലോക കേരള സഭാ ശിപാർശകളായി ലഭിക്കുന്ന പക്ഷം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് നടപ്പാക്കുന്നതാണ്. 2022ൽ നടന്ന ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന ശിപാർശകൾ ക്രോഡീകരിച്ച് പ്രായോഗികമായ ശിപാർശകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ